കവർസ്റ്റോറി



ആഗോള ഇസ്‌ലാമിക പണ്ഡിത സഭയുടെ അധ്യക്ഷൻ **ഡോ. യൂസുഫുൽ ഖറദാവി**, ടുണീഷ്യയിലെ അന്നഹ്ദ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ **റാശിദുൽ ഗനൂശി**, പാക് ജമാഅത്തെ ഇസ്‌ലാമി അമീർ **ഖാദി ഹുസൈൻ അഹ്മദ്**, കുവൈത്തിലെ പ്രശസ്ത ഇസ്‌ലാമിക പ്രബോധകൻ **അഹ്മദുൽ ഖത്താൻ**, മൊറോക്കോയിലെ ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് പാർട്ടി സെക്രട്ടറി ജനറൽ **അബ്ദുൽ ഇലാഹ് ബിൻ കിറാൻ**, യമനിലെ **അബ്ദുൽ മജീദ് സിന്ദാനി**, സുഡാൻ മുൻ പ്രസിഡന്റ് **സിവാറുദ്ദഹബ്**, അറബ് ഡോക്ടേഴ്സ് ഫെഡറേഷൻ സെക്രട്ടറി **അബ്ദുൽ മുൻഇം അബ്ദുൽ ഫുതൂഹ്**, സിറിയയിലെ ഇഖ്‌വാൻ നേതാവ് **അലി സദ്റുദ്ദീൻ അൽ ബയാനൂനി**, യു.എ.ഇ ക്രിയേറ്റീവ് തിങ്കിംഗ് കൗൺസിൽ ചെയർമാൻ **അലി ഹമ്മാദി**, സുഊദി ചിന്തകൻ **അവദ് അൽഖർനി**, ലബനാൻ ആക്ഷൻ ഫ്രണ്ട് ചെയർമാൻ **ഫത്ഹിയകൻ**, ജോർദാനിലെ ഇഖ്‌വാൻ നേതാവ് **ഹമ്മാം സഊദ്**, ഈജിപ്ഷ്യൻ ചിന്തകൻ **മുഹമ്മദ് അൽ അമ്മാറ**, നൈറോബിയിലെ **അബ്ദുൽ ഗഫൂർ അൽ ബുസൈദി**, ഉഗാണ്ട മുസ്‌ലിം യൂത്ത് അസംബ്ലി ചെയർമാൻ **അബ്ബാസ് കിയിംബ**, ടാൻസാനിയ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിലെ **തമീം ഫറജ് തമീം** തുടങ്ങി 36 പ്രമുഖ മുസ്‌ലിം വ്യക്തിത്വങ്ങളാണ് സന്ദേശത്തിൽ ഒപ്പുവെച്ചത്.

# മിസ്റ്റർ ഒബാമ, നീതിനിഷ്ഠമായ നവദിശ സ്വീകരിക്കാൻ താങ്കൾ തയാറാകുമോ?

**മുസ്‌ലിം ലോകത്തെ ബുദ്ധിജീവികൾ, ശാസ്ത്രജ്ഞർ, പ്രധാന നേതാക്കൾ തുടങ്ങിയ ഒരു സംഘം പ്രഗൽഭർ അമേരിക്കയുടെ പുതിയ പ്രസിഡന്റ് ബറാക് ഒബാമക്ക്, അമേരിക്ക അതിന്റെ ഹിംസാത്മക വിദേശനയം അവസാനിപ്പിച്ച് പുതിയ പരിവർത്തിത നയം സ്വീകരിക്കണമെന്ന ആഹ്വാനത്തോടെ അയച്ച സന്ദേശം.**

**കരുണാവാരിധിയും** കൃപാനിധിയുമായ ദൈവനാമത്തിൽ

ബഹുമാന്യനായ അമേരിക്കൻ പ്രസിഡന്റ് ബറാക് ഹുസൈൻ ഒബാമക്ക്,

അമേരിക്കയുടെ പുതിയ പ്രസിഡന്റായി താങ്കൾ ചുമതലയേറ്റ ഈ സന്ദർഭത്തിൽ താങ്കളുമായും താങ്കൾ മുഖേന യു.എസ് ജനതയുമായും മുസ്‌ലിം ലോകത്തിന്റെ പ്രതിനിധികളെന്ന നിലയിൽ തുറന്ന സംവേദനത്തിന് ആഗ്രഹിക്കുകയാണ് ഞങ്ങൾ. ഈ കത്ത് താങ്കൾ ശ്രദ്ധാപൂർവം പൂർണമായും വായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. മാനവരാശിയുടെ ക്ഷേമത്തിനായി താങ്കൾ നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ നയസമീപനങ്ങൾ സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കട്ടെ.

മിസ്റ്റർ പ്രസിഡന്റ്,

ആഗോള നന്മ ലക്ഷ്യമാക്കി ഞങ്ങൾ താഴെ പറയുന്ന നിർദേശങ്ങൾ ഉന്നയിക്കട്ടെ.

1. പൊതു താൽപര്യങ്ങൾ ലക്ഷ്യമിട്ട് എല്ലാ രാജ്യങ്ങളുമായും സഹകരിക്കാൻ അമേരിക്ക തയാറാകണമെന്ന് അഭ്യർഥിക്കുന്നു. അതോടൊപ്പം പാരിസ്ഥിതിക പ്രതിസന്ധി, സമാധാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ധാർമിക മൂല്യങ്ങളുടെ ഭ്രംശം, ചില പ്രത്യേക രാജ്യങ്ങളുടെ ഹിതങ്ങൾ അന്യദേശങ്ങൾക്കു മേൽ അടിച്ചേൽപിക്കാനുള്ള പ്രവണത തുട

ങ്ങിയ പൊതു അപായങ്ങൾക്കെതിരെ പോരാടുന്നതിലും അമേരിക്ക ഇതര രാജ്യങ്ങളുമായി കൈകോർക്കേണ്ടിയിരിക്കുന്നു.

പകർച്ചവ്യാധികൾ നേരിടുന്നതിലും പ്രകൃതി ദുരന്തങ്ങൾ കൈയാളുന്നതിലും ഊർജ പ്രതിസന്ധി പരിഹരിക്കുന്നതിലും മനുഷ്യാവകാശ സംരക്ഷണ രംഗത്തും ഈ സഹകരണം അനുപേക്ഷണീയമാണ്. ഇക്കാര്യങ്ങളിൽ ഏതെങ്കിലുമൊരു രാജ്യത്തിനെതിരിൽ വിവേചനം ഉണ്ടാവാൻ പാടില്ലെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഏതെങ്കിലും രാജ്യത്തിന്റെ അജണ്ടയും താൽപര്യങ്ങളും അടിച്ചേൽപിക്കാനിടയാകരുത്.

മിസ്റ്റർ പ്രസിഡന്റ്, നമ്മുടെ പൊതുതാൽപര്യവുമായി ബന്ധപ്പെടുന്നതും ലോകമെമ്പാടും പ്രത്യാഘാതം ഉളവാക്കുന്നതുമായ ചില പ്രശ്നങ്ങളോടുള്ള ഞങ്ങളുടെ കാഴ്ചപ്പാട് ഈ സന്ദർഭത്തിൽ താങ്കളുടെ മുമ്പാകെ സമർപ്പിക്കാൻ ആഗ്രഹിക്കുന്നു.

വിഷയത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ്, താങ്കളെ പ്രസിഡന്റായി തെരഞ്ഞെടുത്ത അമേരിക്കൻ ജനതയെ ഞങ്ങൾ ഹൃദയംഗമമായി അനുമോദിക്കുന്നു. ആഫ്രിക്കൻ വംശജനായ ഒരു കറുത്ത വർഗക്കാരൻ പ്രഥമ പൗരനായി അവരോധിക്കപ്പെടുന്നത് തടയാൻ വംശവെറിയന്മാർ നടത്തിയ സർവ ശ്രമങ്ങളെയും ഭേദിച്ചുകൊണ്ടാണ് യു.എസ് ജനത ഈ ധീരമായ ചുവടുവെപ്പ് നടത്തിയിരിക്കുന്നത്. ഇതൊരു മഹത്തായ നേട്ടമാണെന്ന കാര്യം നിസ്തർക്കമാണ്. ഇതൊരു സമൂല മാറ്റമാണെന്ന് യു.എസ് ചരിത്രത്തെക്കുറിച്ച് ജ്ഞാനമുള്ളവർക്കറിയാം. അതോടൊപ്പം ഈ വിജയം താങ്കളുടെ ചുമലിൽ മഹത്തായ ഉത്തരവാദിത്വത്തിന്റെ ഭാരവും അർപ്പിച്ചിരിക്കുന്നു. താങ്കൾ വൈറ്റ് ഹൗസിൽ എത്തുന്നതോടെ പുലരുമെന്നാഗ്രഹിച്ച അനേകരുടെ പ്രതീക്ഷകളാണ് നിറവേറ്റപ്പെടേണ്ട ആ മഹാചുമതലയെന്ന് ഞങ്ങൾ കരുതുന്നു. ലോകജനതയും താങ്കളിൽ പ്രതീക്ഷയർപ്പിക്കുന്നു. കാരണം, ലോകസംഭവങ്ങളുടെ ഗതിനിർണയിക്കുന്നതിൽ നിർണായക പങ്കാണ് യു.എസിനു വഹിക്കാനുള്ളത്. ചരിത്രത്തിന്റെ വിശാലമായ താളുകളിൽ തിളങ്ങുന്ന അധ്യായമോ, ജോർജ് ബുഷിനെപ്പോലെ ഇരുണ്ട അധ്യായങ്ങളോ രചിക്കാൻ താങ്കൾക്ക് സ്വാതന്ത്ര്യമുണ്ട്. മുഴുവൻ മനുഷ്യകുലത്തിന്റെയും ക്ഷേമത്തിനുവേണ്ടിയുള്ള യത്നം ഞങ്ങളുടെ വിശ്വാസ പ്രമാണത്തിന്റെ ഭാഗമാണെന്ന വസ്തുതകൂടി ഇവിടെ സ്പഷ്ടമാക്കട്ടെ. ഖുർആനിലെ ഒരു വചനം ഇവിടെ ഉദ്ധരിക്കാം: "നിങ്ങൾ നന്മയിൽ സഹകരിക്കുവിൻ, തിന്മയിലും ശത്രുതയിലും സഹകരിക്കാതിരിക്കുവിൻ".

ലോകത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ പങ്കുവഹിക്കാനാകുംവിധം മുസ്‌ലിം രാഷ്ട്രങ്ങൾ ധാർമികമായും ഭൗതികതലത്തിലും കരുത്തും പ്രാപ്തിയും നേടിയിട്ടുണ്ട്. ഈ രാഷ്ട്രങ്ങളെ അവഗണിക്കുന്നതോ അവരുടെ സ്വയംനിർണയാവകാശങ്ങളെ ഹനിക്കുന്നതോ അധിനിവേശത്തിന് മുതിരുന്നതോ ആഗോള സഹകരണം എന്ന ലക്ഷ്യത്തിന് നിരക്കുന്നതല്ല. ഈ രാഷ്ട്രങ്ങളെ തുടച്ചുനീക്കാനോ അവയുടെ സ്വത്വം തകർക്കാനോ അവയുടെ വിഭവങ്ങൾ കൊള്ളയടിക്കാനോ മുതിരുന്ന പക്ഷം അതിനെ സർവ നിയമാനുസൃത വഴികളിലൂടെയും മുസ്‌ലിംലോകം പ്രതിരോധിക്കുമെന്ന മുന്നറിയിപ്പ് നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**രണ്ട് കക്ഷികളും ഉഭയസമ്മതപ്രകാരം നടത്തുമ്പോഴേ സംഭാഷണം സാർഥകമായി മാറൂ. ഒരു കക്ഷി അധിനിവേശത്തിനും ബലാൽക്കാരത്തിനുമാണ് മുതിരുന്നത് എങ്കിൽ അപ്പോൾ സംവാദത്തിന് പഴുതെവിടെ? അത്തരം സമ്മർദങ്ങളിലാണ് പ്രതിരോധവും പ്രത്യാക്രമണങ്ങളും ആവിർഭവിക്കുക. അമേരിക്ക നടത്തുന്ന അധിനിവേശം, നീതിവിരുദ്ധ നയസമീപനങ്ങൾ എന്നിവക്കെതിരായ പ്രതികരണമെന്ന നിലയിലാണ് മുസ്‌ലിം രാജ്യങ്ങളിൽ ചെറുത്തുനിൽപ് ഉയരുന്നത് എന്ന വസ്തുത ഇവിടെ ചൂണ്ടിക്കാണിക്കട്ടെ.**

2\. ജഗപരിപാലകനായ അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഭയപ്പെടാത്ത ഞങ്ങൾ സർവ മതങ്ങളുടെയും അവകാശങ്ങളെയും സാംസ്കാരിക വൈവിധ്യങ്ങളെയും അഭിപ്രായസ്വാതന്ത്ര്യത്തെയും ബഹുസ്വരതയെയും മാനിക്കുന്നു. "മതകാര്യത്തിൽ ഒരു ബലപ്രയോഗവും ഇല്ല" എന്ന ഖുർആൻ വചനമാണ് ഇക്കാര്യത്തിൽ ഞങ്ങളുടെ കാഴ്ചപ്പാടിന്റെ ആധാരം.

ഈ അവകാശം മുഴുവൻലോകത്തിനും വകവെച്ചുകൊടുക്കാൻ അമേരിക്ക സന്നദ്ധമാകണം. സ്വന്തമായി ചുട്ടെടുത്ത ലോകക്രമവും അജണ്ടയും ലോകരാജ്യങ്ങൾക്കുമേൽ ബലാൽക്കാരേണ ഭീഷണിപ്പെടുത്തി അടിച്ചേൽപിക്കുന്നത് ആഗോള പ്രതിസന്ധികളെയും സംഘർഷങ്ങളെയും മൂർഛിപ്പിക്കാനേ കാരണമാവൂ. അത്തരമൊരു വികലനയം ഒന്നാമതായി ബാധിക്കുക അമേരിക്കയെ തന്നെയാകും. എത്രതന്നെ ഭൗതികശേഷിയും വിലോഭനീയമായ പദക്കസർത്തും ഉണ്ടായിരുന്നാലും ഈ സമീപനം അന്തിമമായി വിജയിക്കുകയില്ലെന്ന് ചരിത്ര വസ്തുതകൾ സ്ഥിരീകരിക്കുന്നുണ്ട്. സ്വന്തത്തെയും അപരദേശങ്ങളെയും വഞ്ചിക്കുന്ന കപടനാട്യങ്ങൾ വെടിഞ്ഞ് അമേരിക്ക യാഥാർഥ്യങ്ങളിലേക്കുണരണമെന്ന ഞങ്ങളുടെ വാദത്തിന് ആഗോളവത്കരണത്തിന്റെ വർത്തമാന പ്രത്യാഘാതങ്ങൾ മാത്രമല്ല, അമേരിക്കയിലെതന്നെ ഇപ്പോഴത്തെ ആഭ്യന്തര ദുരവസ്ഥകളും വേണ്ടത്ര പിൻബലമേകുന്നുണ്ട്.

3\. മിസ്റ്റർ പ്രസിഡന്റ്, നീതി നടപ്പാക്കുകയും സാർവദേശീയ ബന്ധങ്ങളിൽ അതിന് മുൻതൂക്കം ലഭിക്കുകയും ചെയ്യാത്ത ലോകത്തിൽ സമാധാനം പുലരില്ലെന്ന കാര്യം താങ്കളെ ഉണർത്തട്ടെ. സംസ്കാരം പടർന്നു പന്തലിക്കുന്നതിനും ലോകജനതയുടെ സുരക്ഷക്കും നീതി അനിവാര്യമാണെന്ന് ഞങ്ങൾ ഓർമിപ്പിക്കട്ടെ. ഫലസ്ത്വീൻ ജനതയെപോലെ ഇത്ര കടുത്ത നീതിനിഷേധത്തിന് ചരിത്രത്തിൽ മറ്റൊരു സമൂഹവും ഇരയായിട്ടില്ലെന്നത് സാമാന്യ ബുദ്ധിയുള്ള സർവർക്കും അറിയാവുന്ന യാഥാർഥ്യമാണ്. എന്നാൽ ഈ യാഥാർഥ്യം അമേരിക്ക സൗകര്യപൂർവം വിസ്മരിക്കുന്നു. സാമ്പത്തികമോ രാഷ്ട്രീയപരമോ പ്രത്യയശാസ്ത്രപരമോ ആയ താൽപര്യങ്ങൾ, മാധ്യമ സമ്മർദങ്ങൾ, തെരഞ്ഞെടുപ്പ് താൽപര്യങ്ങൾ തുടങ്ങിയ വിവിധ കാരണങ്ങൾ വസ്തുതാ നിഷേധത്തിന് പിന്നിൽ പ്രവർത്തിക്കുന്നുണ്ടാകാം. നിർഭാഗ്യവശാൽ ഫലസ്ത്വീൻ ജനതക്ക് നീതിനിഷേധിക്കുന്നവരോടൊപ്പമാണ് അമേരിക്ക നിലയുറപ്പിച്ചിട്ടുള്ളത്. ഫലസ്ത്വീൻ ജനതക്ക് അവകാശപ്പെട്ട മണ്ണ് തിരിച്ചുനൽകുകയും നീതി പുനഃസ്ഥാപിക്കുകയും ഇറാഖ്, അഫ്ഗാൻ പരമാധികാരങ്ങൾ തിരിച്ചുനൽകുകയും അധിനിവേശത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം എത്തിക്കുകയും ചെയ്യേണ്ടതുണ്ട്. ഇവയൊന്നുമില്ലാതെ മുസ്‌ലിം, അറബ് രാജ്യങ്ങളുമായോ നീതിയിൽ വിശ്വസിക്കുന്ന ഇതര രാജ്യങ്ങളുമായോ നല്ല ബന്ധം സ്ഥാപിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നത് അർഥരഹിതമാണ്.

മിത്രങ്ങളോട് കൂറു പ്രകടിപ്പിക്കുകയും മാനിക്കുന്നവരെ തിരിച്ചാദരിക്കുകയും ചെയ്യുന്ന മുസ്‌ലിം രാജ്യങ്ങൾ അധിനിവേശകർക്കു മുമ്പിൽ വിധേയപ്പെടാറില്ലെന്നത് ചരിത്ര വസ്തുതയാണ്. മുസ്‌ലിം രാജ്യങ്ങൾക്കെതിരെ സയണിസ്റ്റ് ലോബിയുടെ തിട്ടൂരങ്ങൾ തള്ളിക്കളയാൻ അമേരിക്ക തയാറാകണം. 150 കോടിയോളം വരുന്ന മുസ്‌ലിം ലോകജനതയുമായി നീതിപൂർവകമായ സഹകരണസമ്പർക്കങ്ങൾക്കും അമേരിക്ക സജ്ജമാകണം. എന്നാൽ വ്യക്തിപരവും പാർട്ടിപരവുമായ സങ്കുചിതത്വങ്ങൾ കൈവെടിയാതെ ഇത്തരമൊരു നയംമാറ്റം സാധ്യമാകില്ല. നീതിയെയും മനുഷ്യാവകാശങ്ങളെയും പിന്തുണക്കുന്നത് ദുഷ്കരമായി തോന്നുന്നുവെങ്കിൽ ചുരുങ്ങിയപക്ഷം നിഷ്പക്ഷ നിലപാട് സ്വീകരിക്കാനുള്ള സന്മനസ്സെങ്കിലും താങ്കൾ പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. അനീതി, അധിനിവേശം എന്നിവക്കു പിന്തുണയേകുന്ന അമേരിക്കയുടെ നടപ്പുശീലം എതിർപ്പുകളെയും പ്രതിരോധങ്ങളെയും കൂടുതൽ ശക്തിപ്പെടുത്താനേ ഉതകൂ.

4. മിസ്റ്റർ പ്രസിഡന്റ്, അനീതിയുടെയും ചൂഷണത്തിന്റെയും വർണവിവേചനത്തിന്റെയും അഗ്നികുണ്ഠങ്ങൾ താണ്ടിയെത്തിയ വംശജരുടെ കുലത്തിലാണ് താങ്കൾ ഭൂജാതനായത്. അതിലുപരി നിയമജ്ഞൻ എന്ന നിലയിൽ നീതിയുടെ ഉപാധികൾ താങ്കൾക്കറിയാം. സമ്പത്തിന്റെ സമവിതരണം, അവസരസമത്വം, ചൂഷണത്തിന്റെ നിർമാർജനം എന്നിവ നടപ്പാക്കാതെ നീതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കാനാകില്ലെന്ന ബോധ്യം താങ്കൾക്കുണ്ടാകുമല്ലോ.

അമേരിക്കയുടെയത്ര കൊള്ള ചെയ്തും അധിനിവേശം നടത്തിയും മൂന്നാം ലോക രാജ്യങ്ങളെ ചൂഷണം ചെയ്ത മറ്റൊരു രാജ്യവുമില്ല. അമേരിക്കൻ ബഹുരാഷ്ട്ര കമ്പനികൾ കൊള്ള മാത്രമല്ല, അധിനിവേശങ്ങളുടെയും അട്ടിമറികളുടെയും സ്പോൺസറിംഗും നടത്തിവരുന്നു. ഐ.എം.എഫ്, ലോക ബാങ്ക്, ലോക വാണിജ്യ സംഘടന എന്നിവയുടെ രൂപവത്കരണത്തിനു പിന്നിലെ ലക്ഷ്യവും വൻശക്തികളുടെ പ്രത്യേകിച്ച് അമേരിക്കയുടെ താൽപര്യ സംരക്ഷണമാണ്. ഇവ വഴി അവികസിത രാഷ്ട്രങ്ങളിലെ സമ്പത്തിനുമേൽ അമേരിക്കയുടെ ആധിപത്യം ലഭിക്കുന്നു. ജനങ്ങളെ ചൂഷണം ചെയ്യുന്നതും അവരുടെ ധനം കൊള്ളചെയ്യുന്നതും യുദ്ധങ്ങൾക്കുവരെ വഴിയൊരുക്കുന്നുവെന്ന വസ്തുത താങ്കൾക്കറിവുള്ള

**ലോകത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ പങ്കുവഹിക്കാനാകുംവിധം മുസ്‌ലിം രാഷ്ട്രങ്ങൾ ധാർമികമായും ഭൗതികതലത്തിലും കരുത്തും പ്രാപ്തിയും നേടിയിട്ടുണ്ട്. ഈ രാഷ്ട്രങ്ങളെ അവഗണിക്കുന്നതോ അവരുടെ സ്വയംനിർണയാവകാശങ്ങളെ ഹനിക്കുന്നതോ അധിനിവേശത്തിന് മുതിരുന്നതോ ആഗോള സഹകരണം എന്ന ലക്ഷ്യത്തിന് നിരക്കുന്നതല്ല. ഈ രാഷ്ട്രങ്ങളെ തുടച്ചുനീക്കാനോ അവയുടെ സ്വത്വം തകർക്കാനോ അവയുടെ വിഭവങ്ങൾ കൊള്ളയടിക്കാനോ മുതിരുന്ന പക്ഷം അതിനെ സർവ നിയമാനുസൃത വഴികളിലൂടെയും മുസ്‌ലിംലോകം പ്രതിരോധിക്കുമെന്ന മുന്നറിയിപ്പ് നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.**

താണ്. ഇത്തരം പ്രതിസന്ധികൾക്ക് അമേരിക്കൻ പക്ഷത്തുനിന്നുണ്ടാകുന്ന പ്രകോപനങ്ങളെ സംബന്ധിച്ചും താങ്കൾ മനസ്സിലാക്കിയിട്ടുണ്ടാകും.

സാമ്പത്തിക മാന്ദ്യത്തിലാഴ്ന്ന് പരിഹാരവഴികൾ ആരായുന്ന അമേരിക്ക പ്രതിസന്ധികൾ തരണംചെയ്യാൻ ഇതര രാജ്യങ്ങളിലെ സാമ്പത്തിക ബദൽ നിർദേശങ്ങൾ കൂടി പരിഗണനയിലെടുക്കാൻ വിവേകം പ്രകടിപ്പിക്കണമെന്നാണ് ഞങ്ങൾക്ക് ഉന്നയിക്കാനുള്ള നിർദേശം. ഇസ്‌ലാമിക ബാങ്കിംഗ്, ഇസ്‌ലാമിക ധനശാസ്ത്ര സമീപന രീതി എന്നിവയുടെ പ്രായോഗികത വിലയിരുത്താൻ അമേരിക്കക്ക് ശ്രമിക്കാം. പാശ്ചാത്യ രാജ്യങ്ങളിലെ നിഷ്പക്ഷമതികളായ സാമ്പത്തിക ശാസ്ത്രജ്ഞർ ഇസ്‌ലാമിക ബാങ്കിംഗിന്റെ രീതികളെ ശ്ലാഘിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുതകൂടി അനുസ്മരിക്കട്ടെ.

5. സ്വാതന്ത്ര്യം സർവരുടെയും നൈസർഗികാഭിലാഷമായതിനാൽ സർവ രാജ്യങ്ങളും അതഭിലഷിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മറ്റേതൊരു രാജ്യത്തെക്കാളും സ്വാതന്ത്ര്യം, മനുഷ്യാവകാശം എന്നിവക്കുവേണ്ടി അമേരിക്ക മുറവിളി ഉയർത്താറുമുണ്ട്. എന്നാൽ മനുഷ്യാവകാശധ്വംസനവും അന്യദേശങ്ങളുടെ സ്വാതന്ത്ര്യ കവർച്ചയും ഏറ്റവും കൂടുതലായി നടത്തിവരുന്നതും ഇതേ അമേരിക്കയാണെന്ന വിരോധാഭാസം താങ്കൾക്കു മുമ്പാകെ ചൂണ്ടിക്കാണിക്കട്ടെ. യുദ്ധങ്ങൾ, അന്യദേശക്കാരെ അന്യായമായി അറസ്റ്റ് ചെയ്ത് തുറുങ്കിലടക്കൽ, പീഡനം, വംശഹത്യ എന്നിവയിലൂടെ യു.എസ് ഭരണകൂടം ഏതു രാജ്യത്തെയും പിന്നിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പുകാല വാഗ്ദാനം മുൻനിർത്തി ഈ രീതികൾ തിരുത്തിക്കുറിച്ച് താങ്കൾ സ്വയം വിശ്വാസ്യത തെളിയിക്കുമോ? അല്ലെങ്കിൽ രഹസ്യ ഏജൻസികളുടെയും സയണിസ്റ്റ് ലോബികളുടെയും ചരടിലാടുന്ന ബിസിനസ് താൽപര്യങ്ങളെ മാത്രം സേവിക്കുന്ന പാവയായി മാറാനാണോ താങ്കളുടെ ഭാവം?

6. ഇതര മതങ്ങളുമായും അപര സംസ്കാരങ്ങളുമായും സംവാദം നടത്താൻ അമേരിക്ക സന്നദ്ധമാകണമെന്നതാണ് താങ്കൾക്ക് മുമ്പാകെ അവതരിപ്പിക്കാനുള്ള ഞങ്ങളുടെ മറ്റൊരു നിർദേശം. ഞങ്ങൾ വിജ്ഞാനത്തെ വിലമതിക്കുന്നു. ഏതു സ്രോതസ്സിൽനിന്നുള്ള അറിവിനെയും ഞങ്ങൾ സ്വാഗതം ചെയ്യാറുണ്ട്. അതോടൊപ്പം നാഗരികതകളുടെസംഘർഷം എന്ന പരികൽപന ഞങ്ങൾ തള്ളിക്കളയുന്നു. ചരിത്രത്തിന്റെ അന്ത്യമെന്ന സിദ്ധാന്തത്തെയും ഞങ്ങൾ നിരാകരിക്കുന്നു. രണ്ട് കക്ഷികളും ഉഭയസമ്മതപ്രകാരം നടത്തുമ്പോഴേ സംഭാഷണം സാർഥകമായി മാറൂ. ഒരു കക്ഷി അധിനിവേശത്തിനും ബലാൽക്കാരത്തിനുമാണ് മുതിരുന്നത് എങ്കിൽ അപ്പോൾ സംവാദത്തിന് പഴുതെവിടെ? അത്തരം സമ്മർദങ്ങളിലാണ് പ്രതിരോധവും പ്രത്യാക്രമണങ്ങളും ആവിർഭവിക്കുക. അമേരിക്ക നടത്തുന്ന അധിനിവേശം, നീതിവിരുദ്ധ നയസമീപനങ്ങൾ എന്നിവക്കെതിരായ പ്രതികരണമെന്ന നിലയിലാണ് മുസ്‌ലിം രാജ്യങ്ങളിൽ ചെറുത്തുനിൽപ് ഉയരുന്നത് എന്ന വസ്തുത ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. അപ്പോൾ ഇത്തരം ചെറുത്തുനിൽപുകൾ അഹിതകരമായി അനുഭവപ്പെടുന്നുണ്ടെങ്കിൽ അധിനിവേശവും അനീതികളും അവസാനിപ്പിക്കുകയാണ് ആദ്യം വേണ്ടത്. സ്വാതന്ത്ര്യം, സുരക്ഷ, മനുഷ്യാവകാശം, പുരോഗതി എന്നിവക്ക് അമേരിക്ക വിഘ്നമുയർത്തുന്നതായി നിരവധി രാജ്യങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. അതിനാൽ ആക്രമണ പാത ഉപേക്ഷിച്ച് സംഭാഷണത്തിന്റെ പാത സ്വീകരിച്ചുകൊണ്ട് യു.എസ് പ്രസിഡന്റ് പദത്തിൽ വഴിത്തിരിവ് സൃഷ്ടിക്കാൻ താങ്കൾ തയാറാവുക.

മിസ്റ്റർ പ്രസിഡന്റ്, മുസ്‌ലിം-അമേരിക്ക ബന്ധങ്ങൾ പ്രതിപാദിക്കുമ്പോൾ ഭീകരതയെ സംബന്ധിച്ച് പരാമർശിക്കാതിരിക്കാൻ വയ്യ. ഭീകരതയുടെ പ്രശ്ന

പരിസരത്തെക്കുറിച്ച് ചില കാര്യങ്ങൾ താങ്കളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

എ) നിരപരാധികളെ വധിക്കുന്നതിനെയും അവരിൽ ഭീതി സൃഷ്ടിക്കുന്നതിനെയും ഞങ്ങൾ ശക്തിയായി തള്ളിപ്പറയുന്നു. ഇസ്‌ലാമിക കാഴ്ചപ്പാടിൽ അത്തരം ചെയ്തികൾ സ്വീകാര്യമേയല്ല.

ബി) യുദ്ധം, ഏറ്റുമുട്ടൽ എന്നിവയെ സംബന്ധിച്ച് ഇസ്‌ലാം സ്പഷ്ടമായ വീക്ഷണം വെച്ചുപുലർത്തുന്നുണ്ട്. യുദ്ധം അനിവാര്യമായാൽ പോലും യുദ്ധഭൂമിയിൽ നിരപരാധികളായ സ്ത്രീകളെയും കുഞ്ഞുങ്ങളെയും മറ്റും വധിക്കരുതെന്ന് ഇസ്‌ലാം പ്രത്യേകം അനുശാസിക്കുന്നു. ആക്രമണങ്ങളും പരിസ്ഥിതി നശീകരണവും ഇസ്‌ലാം നിരോധിക്കുന്നു. യുദ്ധവേളയിലും ഉടമ്പടികൾ മാനിക്കണമെന്ന് ഇസ്‌ലാം ഓർമിപ്പിക്കുന്നു. യുദ്ധത്തടവുകാരോട് ഒരുനിലക്കും മോശമായി പെരുമാറരുതെന്നാണ് അനുശാസനം. എന്നാൽ നിരോധിക്കപ്പെട്ട ഭീകരതയെയും ന്യായമായ ചെറുത്തുനിൽപിനെയും രണ്ടായി തന്നെ വേറിട്ട് കാണേണ്ടിയിരിക്കുന്നു. അധിനിവേശത്തിനെതിരായ നിയമാനുസൃത ചെറുത്തുനിൽപിനെ ഭീകരതയായി ചിത്രീകരിക്കുന്നതിനെ ഞങ്ങൾ നിരാകരിക്കുന്നു.

സി) 2001 സെപ്റ്റംബർ 11 ആക്രമണം ഇസ്രയേലീ ചാരസംഘടനയുമായി ചേർന്ന് അമേരിക്കയിലെ ചില വരേണ്യ ലോബികൾ ആസൂത്രണം ചെയ്തതാണെന്ന് വിദഗ്ധരായ അമേരിക്കൻ അക്കാദമിക്കുകൾ തന്നെ നിഗമനത്തിലെത്തിയ വസ്തുത താങ്കളുടെ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടാകുമല്ലോ? ഒരു മൂന്നാം ലോക യുദ്ധത്തിന് ജന്മംനൽകുക എന്ന ദുഷ്ടലാക്കാണ് ഇതിനു പിന്നിലുള്ളത്. സെപ്റ്റംബർ 11 ആക്രമണത്തെ മുസ്‌ലിം രാജ്യങ്ങളും മുസ്‌ലിം ബുദ്ധിജീവികളും ശക്തമായി അപലപിച്ചിട്ടു പോലും മുസ്‌ലിം രാജ്യങ്ങളെയും ഇസ്‌ലാമിനെ തന്നെയും ശത്രുവായി പ്രതിഷ്ഠിച്ചുള്ള ആക്രമണങ്ങളും പ്രചാരണങ്ങളുമാണ് അമേരിക്ക കെട്ടഴിച്ചുവിട്ടത്. ഈ ആക്രമണങ്ങൾ വഴിയായി ലക്ഷക്കണക്കിന് മുസ്‌ലിംകൾ കൊല്ലപ്പെട്ടു. അവരുടെ ഭവനങ്ങൾ, പള്ളികൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയവ തകർക്കപ്പെടുകയുണ്ടായി. അനേകായിരങ്ങളെ അമേരിക്ക രഹസ്യ തടങ്കൽപാളയങ്ങളിലടച്ചു. നുണകളെ അടിസ്ഥാനമാക്കിയായിരുന്നു ഇറാഖ് യുദ്ധത്തിന് തുടക്കമിട്ടതെന്ന സത്യം എല്ലാം കഴിഞ്ഞപ്പോൾ ജോർജ് ബുഷ് തന്നെ കുറ്റസമ്മതം നടത്തി. ജനങ്ങൾ കൊന്നൊടുക്കപ്പെടാനും ശിഥിലീകരിക്കപ്പെടാനുമിടയാക്കിയ ഈ വ്യാജങ്ങളുടെ പേരിൽ ഉത്തരവാദികളെ അമേരിക്ക ശിക്ഷിക്കുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷിക്കാമോ?

ഡി) സത്യം, നീതി, നിഷ്പക്ഷത എന്നിവ നടപ്പാക്കാതെയും ഭീകരതയുടെ ഉത്ഭവ കാരണം സുതാര്യമായ രീതിയിൽ അന്വേഷിക്കാതെയും 'ഭീകരത' എന്ന് വിളിക്കപ്പെടുന്ന പ്രതിഭാസത്തെ ഒരിക്കലും നിർമാർജനം ചെയ്യാനാകില്ല. കാരണങ്ങൾ അതേപടി നിലനിൽക്കുമ്പോൾ എത്ര അടിച്ചമർത്തിയാലും ഇത്തരം സാമൂഹിക പ്രതിഭാസങ്ങൾ വീണ്ടും ഉയിർത്തെഴുന്നേറ്റുകൊണ്ടേയിരിക്കും. മുസ്‌ലിം ലോകത്തിനെതിരായ യു.എസ് ആക്രമണങ്ങൾ, മുസ്‌ലിംകൾക്കെതിരായ മറ്റു ആക്രമണങ്ങൾക്കുള്ള യു.എസ് പിന്തുണ എന്നിവയാണ് മുസ്‌ലിം ലോകത്തെ യു.എസ് വിരുദ്ധവികാരത്തിന്റെ അടിസ്ഥാന ഹേതു എന്ന് തിരിച്ചറിയുക. രക്ഷാസമിതി പ്രമേയങ്ങളോടുപോലുമുള്ള ഇരട്ടത്താപ്പ് ഉപേക്ഷിക്കാൻ അമേരിക്ക തയാറായേ മതിയാവൂ. മുസ്‌ലിംവിരുദ്ധ ആക്രമണങ്ങൾ അവസാനിപ്പിച്ച് അവരോട് നീതിപൂർവകമായി ഇടപെടാത്തപക്ഷം യു.എസ്-മുസ്‌ലിം രാഷ്ട്ര ബന്ധം സാധാരണ നില കൈവരിക്കില്ല. ഇനി തീരുമാനം കൈക്കൊള്ളേണ്ടത് താങ്കളാണ്. താങ്കൾ ശരിയായ ദിശയിലുള്ള തീരുമാനമാണ് സ്വീകരിക്കുന്നതെങ്കിൽ അത് അമേരിക്കയുടെ ചരിത്രത്തിലെ അഭൂതപൂർവമായ നേട്ടമായിത്തീരും.

**നിർഭാഗ്യവശാൽ ഫലസ്ത്വീൻ ജനതക്ക് നീതിനിഷേധിക്കുന്നവരോടൊപ്പമാണ് അമേരിക്ക നിലയുറപ്പിച്ചിട്ടുള്ളത്. ഫലസ്ത്വീൻ ജനതക്ക് അവകാശപ്പെട്ട മണ്ണ് തിരിച്ചുനൽകുകയും നീതി പുനഃസ്ഥാപിക്കുകയും ഇറാഖ്, അഫ്ഗാൻ പരമാധികാരങ്ങൾ തിരിച്ചുനൽകുകയും അധിനിവേശത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം എത്തിക്കുകയും ചെയ്യേണ്ടതുണ്ട്. ഇവയൊന്നുമില്ലാതെ മുസ്‌ലിം, അറബ് രാജ്യങ്ങളുമായോ നീതിയിൽ വിശ്വസിക്കുന്ന ഇതര രാജ്യങ്ങളുമായോ നല്ല ബന്ധം സ്ഥാപിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നത് അർഥരഹിതമാണ്.**

മിസ്റ്റർ പ്രസിഡന്റ്, ഇസ്രയേലിന് അമേരിക്ക നൽകിവരുന്ന ആണവായുധങ്ങൾ ഉൾപ്പെടെയുള്ള മാരക പടക്കോപ്പുകളാണ് മുസ്‌ലിം ലോകരാഷ്ട്രങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും കടുത്ത ഭീഷണി. അന്താരാഷ്ട്ര കീഴ്‌വഴക്കങ്ങൾ ലംഘിച്ചുപോലും ഫലസ്ത്വീൻ ജനതക്കെതിരായ ഇസ്രയേലീ പീഡനങ്ങൾക്ക് അമേരിക്ക പിന്തുണ നൽകിപ്പോരുന്നു. ഒരു കാര്യം താങ്കളെ ഉപദേശിക്കാൻ ആഗ്രഹിക്കുന്നു. സൈനികബലപ്രയോഗം, ഇസ്രയേലിനു നൽകുന്ന പിന്തുണ എന്നിവവഴി പ്രശ്നങ്ങൾക്ക് പ്രതിവിധി കണ്ടെത്താൻ കഴിയില്ല. അത്തരം ചെയ്തികൾ പ്രതിസന്ധികൾ മൂർഛിക്കാനേ ഉതകൂ. നീതി ഉറപ്പുവരുത്തുക, അനീതികളിൽ നിന്ന് പിന്മാറുക എന്നിവയാണ് അമേരിക്കയുടെ സുരക്ഷ ഉറപ്പുവരുത്താനുള്ള മാർഗങ്ങൾ. ആ സദ്‌വഴി തെരഞ്ഞെടുക്കാൻ താങ്കൾ തയാറുണ്ടോ? ഉണ്ടാകും എന്ന ശുഭപ്രതീക്ഷയിലാണ് ഞങ്ങൾ.

സ്നേഹപൂർവം
മുസ്‌ലിം രാഷ്ട്ര പ്രതിനിധികൾ.

വിവ: **വി.പി.എ അസീസ്**